ജനയുഗം
JANAYUGOM

16 December 2017

# കാർഷിക ഗവേഷണ രംഗത്ത് ഐസിടി പ്രോത്സാഹിപ്പിക്കണമെന്ന് ശിൽപശാല

കൊച്ചി: ഇന്ത്യയിലെ കാർഷിക ഗവേഷണ രംഗത്ത് ഐസിടി (വിവര-വിനിമയ സാങ്കേതികവിദ്യ) പ്രോത്സാഹിപ്പിക്കണമെന്ന് ഇത് സംബന്ധിച്ച് നടത്തിയ ശിൽപശാലയിൽ ആവശ്യമുയർന്നു. ദേശീയ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐസിഎആർ) കൺസോർഷ്യം ഓഫ് ഇ-റിസോഴ്സസ് ഇൻ അഗ്രികൾച്ചർ (സെറ) എന്ന ഓൺലൈൻ ലൈബ്രറി സംവിധാനത്തെ കുറിച്ച് ബോധവൽക്കരിക്കുന്നതിനായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) നടത്തിയ ശിൽപശാലയിലാണ് നിർദ്ദേശം. ഐസിഎആറിന് കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളും കാർഷിക സർവകലാശാലകളും പ്രസിദ്ധീകരിക്കുന്ന ഗവേഷണ പ്രബന്ധങ്ങൾ ഓൺലൈനിൽ ലഭ്യമാകുന്ന സംവിധാനമാണ് സെറ. ഇത്തരം ഓൺലൈൻ ഗവേഷണ ലൈബ്രറികൾ ഉപയോഗപ്പെടുത്താൻ പുതുതലമുറയിലെ ഗവേഷകർ തയ്യാറാകണം. വിവരങ്ങളുടെ കൈമാറ്റം വേഗത്തിലാകുന്നതോടെ ഗവേഷണ രംഗം കൂടുതൽ ഫലപ്രദമാകും. കാർഷിക പഠനങ്ങൾ മെച്ചപ്പെടുത്താൻ ഏറ്റവും പുതിയ വിവര സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തണമെന്നും ശിൽപശാല അഭിപ്രായപ്പെട്ടു. ദക്ഷിണ മേഖല സംസ്ഥാനങ്ങളായ ആന്ധ്രപ്രദേശ്, തെലുങ്കാന, കർണാടക, തമിഴ്നാട്, കേരളം എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന ഐസിഎആർ ഗവേഷണ സ്ഥാപനങ്ങളിലെയും കാർഷിക സർവകലാശാലകളിലെയും ലൈബ്രേറിയൻമാർ ശിൽപശാലയിൽ പങ്കെടുത്തു. ഐസിഎആറിന് കീഴിലുള്ള ഡയറക്ടറേറ്റ് ഓഫ് നോളജ് മാനേജ്മെന്റ് ഇൻ അഗ്രികൾച്ചർ ഡയറക്ടർ ഡോ എസ് കെ സിംഗ് ശിൽപശാല ഉദ്ഘാടനം ചെയ്തു. ഇന്ത്യയിലെ കാർഷിക ഗവേഷണ സ്ഥാപനങ്ങളുടെയും സർവകലാശാലകളുടെയും ഗവേഷണപ്രവർത്തനങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ സെറ എന്ന സംവിധാനത്തിന് കഴിയുമെന്ന് അദ്ദേഹം പറഞ്ഞു. എസ് കെ ജോഷി, സിഎംഎഫ്ആർഐ ക്രസ്റ്റേഷ്യൻ ഡിവിഷൻ മേധാവി ഡോ ജി മഹേശ്വരുഡു, സിഎംഎഫ്ആർഐ ലൈബ്രറി സയന്റിസ്റ്റ് ഇൻചാർജ്ജ് ഡോ കെ എസ് ശോഭന, ലൈബ്രറി ഓഫീസ് ഇൻചാർജ്ജ് പി ഗീത എന്നിവർ സംസാരിച്ചു.



സിഎംഎഫ്ആർഐയിൽ നടന്ന ശിൽപശാല ഐസിഎആറിന് കീഴിലുള്ള ഡയറക്ടറേറ്റ് ഓഫ് നോളജ് മാനേജ്മെന്റ് ഇൻ അഗ്രികൾച്ചർ ഡയറക്ടർ ഡോ എസ് കെ സിംഗ് ഉദ്ഘാടനം ചെയ്യുന്നു